ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജല സംഭരണികൾ യഥാസമയം കഴുകി ശുദ്ധീകരിക്കാറുണ്ട്. കൂടാതെ സൈൻ ബോർഡുകൾ സ്ഥാപിച്ച് വേലികൾ കെട്ടിയും അനധികൃത മണൽ വാരൽ നിരുത്സാഹപ്പെടുത്തിയും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ളത്തിന്റെ ശുചിത്വം ഉറപ്പുവരുത്താൻ സാമ്പിൾ പരിശോധന**

**50 (4658)** ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുചിത്വനിലവാരം ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടി അവയിലൂടെ ഡ്രെയിനേജ് മലിനജലവും മറ്റും കുടി വെള്ളത്തിൽ കലരുന്നത് പരിശോധിക്കുവാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് ;

(സി) കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് സമീപകാലത്ത് നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഡി) പരിശോധന നടത്തിയിട്ടില്ലെങ്കിൽ ഇത്തരത്തിലുള്ള പരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ശുദ്ധജല വിതരണ പദ്ധതികളിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്യാനായി ശാസ്ത്രീയമായി രൂപകല്പന ചെയ്ത ജല ശുദ്ധീകരണശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച ശേഷം വിതരണ ശൃംഖലയുടെ ഏറ്റവും ദൂരം കൂടിയ അറ്റത്ത് നിശ്ചിത അളവിൽ റെസിഡ്യൂൾ ക്ലോറിൻ ലഭ്യമാകുന്ന വിധത്തിൽ ക്ലോറിനേഷൻ നടത്തി അണു വിമുക്തമാക്കിയാണ് ജലം വിതരണം ചെയ്യുന്നത്. മറ്റ് ചെറുകിട ശുദ്ധജല വിതരണ പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡറോ, ക്ലോറിനോ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. മേല്പറഞ്ഞ എല്ലാ സ്കീമുകളിൽ നിന്നും വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ സാമ്പിളുകൾ വിതരണശൃംഖലയിലെ പലസ്ഥലങ്ങളിൽനിന്ന് ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കുകയും അതനുസരിച്ച് ആവശ്യമായ നടപടികൾ ശുപാർശ ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സാംക്രമിക

LIBRARY ARCHIVES Kerala Legislative Assembly

രോഗങ്ങൾ പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള സമയത്ത് സൂപ്പർ ക്ലോറിനേഷൻ നടത്തി വിതരണശൃംഖലയിലെ ജലം പൂർണ്ണമായി രോഗാണു വിമുക്തമാക്കാറുണ്ട്. വിതരണം ചെയ്യുന്നതിന് ഉത്തരവാദിത്തപ്പെട്ട ഡിവിഷനുകളിലെ ഉദ്യോഗസ്ഥർ ഗുണനിലവാരം പരിശോധിക്കുന്നത് കൂടാതെ ആലുവ, തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലെ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളും പ്രത്യേക പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. മലിനജലം ഒഴുകുന്ന ഓടകളുടെ സമീപത്തുകൂടി സ്ഥാപിക്കേണ്ടിവരുന്ന പൈപ്പു ലൈനുകൾക്ക് കേടുപാടുകൾ ഉണ്ടാകാതിരിക്കാൻ കേസിംഗ് പൈപ്പുകൾ ഇടാറുണ്ട്.

(സി) റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണം**

**51 (4659)** ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതികൾ കാലപ്പഴക്കംകൊണ്ട് നവീകരിക്കേണ്ടതു സംബന്ധിച്ച് വിദഗ്ദ്ധ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾക്കാണ് ഇത്തരത്തിൽ നവീകരണം അത്യാവശ്യമായി വന്നിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികളുടെ നവീകരണത്തിന് എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതികൾ അടിയന്തരമായി നവീകരിക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ശുദ്ധജലവിതരണ പദ്ധതികൾ കാലപ്പഴക്കം കൊണ്ട് നവീകരിക്കേണ്ടതായി വന്നിട്ടില്ല.

(ബി) ഇത്തരം സാഹചര്യം ഉണ്ടായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly